**ഭരണഭാഷ മാതൃഭാഷ**

**വളരെ അടിയന്തിരം**

**നം. ഇ 1/10865/2012/കോ.വി.വ**

കോളേജ് വിദ്യാഭ്യാസ
ഡയറക്ടറുടെ കാര്യാലയം,
വികാസ് ഭവൻ, തിരുവനന്തപുരം
**തീയതി : 23.01.2014**

കോളേജ് വിദ്യാഭ്യാസ ഡയറക്ടർ

1) എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും.
2) എല്ലാ എയ്ഡഡ് കോളേജ് പ്രിൻസിപ്പൽ/മാനേജർമാർക്കും.

സർ,

*വിഷയം:- കോളേജ് വിദ്യാഭ്യാസ വകുപ്പ് - സ്വകാര്യ എയ്ഡഡ് കോളേജുകൾ - വ്യവസ്ഥകൾക്ക് വിധേയമായി 1997-നു ശേഷം അനുവദിച്ച കോഴ്സുകളുടെ അടിസ്ഥാനത്തിലും, അറബിക് കോളേജുകൾ ഉൾപ്പെടെ നിലവിൽ'E' ഗ്രേയ്ഡിൽ ഉൾപ്പെടുന്നവയിൽ UGC-യുടെ '2 f & 12 (b)' അംഗീകാരം ലഭിച്ച കോളേജുകളെ D ഗ്രേയ്ഡിലേക്ക് പരിഗണിക്കുമ്പോഴും അധികമായി അനുവദിക്കേണ്ടി വരുന്ന അനദ്ധ്യാപക തസ്തികകളുടെ എണ്ണം / ഗ്രേയ്ഡ് പുനർ നിർണ്ണയിക്കൽ സംബന്ധിച്ച്.*

*സൂചന:-1. 17.09.2004-ലെ ജി.ഒ.(എം.എസ്) നമ്പർ.119/04/ഉ.വി.വ*
*2. 03.11.2004-ലെ ജി.ഒ.(എം.എസ്) നമ്പർ.145/04/ഉ.വി.വ*
*3. 09.05.2008-ലെ ജി.ഒ.(എം.എസ്) നമ്പർ.50/08/ഉ.വി.വ*
*4. 06.03.2010-ലെ ജി.ഒ.(എം.എസ്) നമ്പർ.46/10/ഉ.വി.വ*
*5. ഈ കാര്യാലയത്തിൽ നിന്നുള്ള 13.09.2013-ലെ ഇതേ നമ്പർ കത്ത്.*
*6. ഈ കാര്യാലയത്തിൽ നിന്നുള്ള 21.01.2014-ലെ ഇതേ നമ്പർ കത്ത്.*

മേൽ സൂചനകളിലേയ്ക്ക് താങ്കളുടെ സത്വര ശ്രദ്ധ ക്ഷണിക്കുന്നു. വ്യവസ്ഥകൾക്ക് വിധേയമായി അനുവദിച്ചിട്ടുള്ള കോഴ്സുകളുടെ അടിസ്ഥാനത്തിൽ എയ്ഡഡ് കോളേജുകളിലെ സ്റ്റാഫ് പാറ്റേൺ പുതുക്കുന്നതിന് സൂചന (5) പ്രകാരം 'പ്രൊഫോർമ : 1'-ൽ ലഭ്യമാക്കിയ വിവരങ്ങളിൽ പല അപാകതകളും കാണുന്നു. പല കോളേജുകളും നിലവിലുള്ള ഉത്തരവുകൾക്കനുസരിച്ചല്ല പുതിയ തസ്തികകളും, ഗ്രേയ്ഡും ആവശ്യപ്പെട്ടിരിക്കുന്നത്. പല കോളങ്ങളും വ്യക്തമല്ല. പല കോളങ്ങളും പൂരിപ്പിച്ചിട്ടില്ല. ഉപവിഷയങ്ങൾ ഒന്നും പരാമർശിച്ചിട്ടില്ല. പ്രസ്താവനയും പരിശോധനക്കുറിപ്പും അപൂർണ്ണം. പല സ്ഥാപനങ്ങളും നിശ്ചിത മാതൃകയിൽ അല്ല വിവരങ്ങൾ നൽകിയിരിക്കുന്നത്.

ഇതുമായി ബന്ധപ്പെട്ട് സൂചന (6) പ്രകാരം 22.01.2014-ൽ ക്രമീകരിച്ച യോഗ തീരുമാനപ്രകാരം ടി കത്തിൽ ചില കൂട്ടിച്ചേർക്കലുകൾ വരുത്തി സത്വരമായ തുടർ നടപടികൾക്കായി ചുവടെ ചേർക്കുന്നു. അതിനാൽ 21.01.2014-ലെ കത്തിനു പകരം, ഈ കത്തിലെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കുവാൻ ബന്ധപ്പെട്ട എല്ലാവരെയും ഇതിനാൽ അറിയിക്കുന്നു.

ഈ സാഹചര്യത്തിൽ, ടി അപാകതകൾ ഉടനെ പരിഹരിക്കുവാനും, അറബിക് കോളേജുകൾ ഉൾപ്പെടെ നിലവിൽ 'E' ഗ്രെയ്ഡിൽ ഉൾപ്പെടുന്നവയിൽ UGC-യുടെ '2 f & 12 (b)' അംഗീകാരം ലഭിച്ച കോളേജുകളെ 'D'ഗ്രെയ്ഡിലേക്ക് പരിഗണിക്കുവാനും ബന്ധപ്പെട്ട എല്ലാ കോളേജ് പ്രിൻസിപ്പാൾ/ മാനേജർമാരെയും ഉൾപ്പെടുത്തി ഒരു പ്രീ അദാലത്ത് 04.02.2014-നകം ഓരോ ഡി.ഡി തലത്തിലും ക്രമീകരിക്കേണ്ടതാണ്. അതാത് ഡി.ഡി-മാർ ടി എല്ലാ അപാകതകളും മേൽ പരാമർശിച്ച ഉത്തരവുകളുടെയും, കോഴ്സുകൾ അനുവദിച്ചിട്ടുള്ള ഉത്തരവുകളുടെയും ഓരോ കോളേജിലും അനുവദിച്ചിട്ടുള്ള ഏറ്റവും പുതിയ സ്റ്റാഫ് പാറ്റേണിന്റെയും അടിസ്ഥാനത്തിൽ പ്രീ അദാലത്തിൽ പരിശോധിച്ച്, അപാകതകൾ പരിഹരിച്ച് പുതുക്കിയ പ്രൊഫോർമ, (ഇതിനായി പ്രൊഫോർമ:1-ന്റെ അപാകതകൾ പരിഹരിച്ച് പുതുക്കിയ മാതൃക ഉള്ളടക്കം ചെയ്യുന്നു.) ശുപാർശയും, മേലൊപ്പും സഹിതം, സ്റ്റാഫ് പാറ്റേൺ, പുതിയ കോഴ്സുകൾ അനുവദിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവിന്റെ പകർപ്പ്, പ്രൊഫോർമ:2 എന്നിവയുടെ രണ്ട് പ്രതികൾ വീതം ഈ കാര്യാലയത്തിൽ എത്രയും വേഗം - പരമാവധി 05.02.2014-നകം പ്രത്യേക ദൂതൻ മുഖാന്തിരം ലഭ്യമാക്കണം. ഇതിൽ നിലവിലെ സർക്കാർ ഉത്തരവിന് വിധേയമായിട്ടല്ലാതെ, അതായത്, അറബിക് കോളേജുകൾ ഉൾപ്പെടെ നിലവിൽ 'E' ഗ്രേഡിൽ നിലനിൽക്കുന്ന യു.ജി.സി യുടെ 2 (എഫ്) 12 (ബി) അംഗീകാരം ലഭിച്ച കോളേജുകളുടേത് പ്രത്യേകം ഒരു സെറ്റായും, സ്വാഭാവികമായും പുതിയ കോഴ്സുകൾ തുടങ്ങിയതിനാൽ ഗ്രേഡ് മാറിയ കോളേജുകളുടേത് മറ്റൊരു സെറ്റായും വേണം സമർപ്പിക്കേണ്ടത്.

മേൽ പരാമർശിച്ച ഉത്തരവുകളുടെ അടിസ്ഥാനത്തിൽ, നിലവിലുള്ള ഗ്രേഡുകൾ, ഗ്രേഡിന്റെ നിബന്ധനകൾ, അനുവദനീയമായ സ്റ്റാഫ് പാറ്റേൺ, സൂപ്പർ ന്യൂമററി തസ്തികകൾ ക്രമീകരിക്കുന്നതിനായി നിർണ്ണയിച്ചിട്ടുള്ള ഗ്രൂപ്പുകളുടെ വിവരം എന്നിവ ടി ആവശ്യത്തിനായി പട്ടിക രൂപത്തിൽ ചുവടെ ചേർക്കുന്നു.

| കോളേജുകളുടെ ഗ്രേഡ് | നിബന്ധനകൾ | വിദ്യാർത്ഥികളുടെ ഏറ്റവും കുറഞ്ഞ എണ്ണം |
|---|---|---|
| എ | 18 കോഴ്സുകൾ, ഇതിൽ 5 പി.ജി. കോഴ്സുകൾ നിർബന്ധം | 1200 |
| ബി | 15 കോഴ്സുകൾ, ഇതിൽ ഒരു പി.ജി. കോഴ്സ് നിർബന്ധം | 1000 |
| സി | 10 കോഴ്സുകൾ | 750 |
| ഡി | 5 ഉം അതിലധികവും കോഴ്സുകൾ / എല്ലാ ട്രെയിനിംഗ് കോളേജുകളും | -- |
| ഇ | 5-ൽ കുറവ് കോഴ്സുകൾ / എല്ലാ അറബിക് കോളേജുകളും | -- |

### "E" ഗ്രേഡ് കോളേജിലെ സ്റ്റാഫ് പാറ്റേൺ

| ക്രമ നമ്പർ | തസ്തിക | തസ്തികകളുടെ എണ്ണം |
|---|---|---|
| 1. | ജൂനിയർ സൂപ്രണ്ട്/ ഹെഡ് അക്കൗണ്ടന്റ് | 1 |
| 2. | ക്ലാർക്ക് | 2 |
| 3. | ടൈപ്പിസ്റ്റ് | 1 |
| 4. | പ്യൂൺ | 2 |
| 5. | ലൈബ്രേറിയൻ ഗ്രേഡ് - IV | കോളേജ് ലൈബ്രറിയിൽ 1000-ത്തിലധികം പുസ്തകങ്ങളുണ്ടെങ്കിൽ ഒന്ന് |

# സൂപ്പർ ന്യൂമററി തസ്തികകൾ ക്രമീകരിക്കുന്നതിനുള്ള

## *ഗ്രൂപ്പുകളുടെ വിവരം*

| | |
|---|---|
| ഗ്രൂപ്പ്: 1 | പ്യൂൺ, സ്വീപ്പർ, സാനിട്ടേഷൻ വർക്കർ, നൈറ്റ് വാച്ച്മാൻ, സ്പെസിമെൻ കളക്ടർ, ലൈബ്രറി അസിസ്റ്റന്റ്, ലബോറട്ടറി അസിസ്റ്റന്റ്, ഗ്യാസ്മാൻ, ഗാർഡനർ, സ്കാവഞ്ചർ. |
| ഗ്രൂപ്പ്: 2 | ഹെർബേറിയം കീപ്പർ. |
| ഗ്രൂപ്പ്: 3 | മെക്കാനിക്ക്. |
| ഗ്രൂപ്പ്: 4 | ടെക്ക്നിക്കൽ അസിസ്റ്റന്റ്. |
| ഗ്രൂപ്പ്: 5 | ക്ലാർക്ക്, സ്റ്റോർ കീപ്പർ, ടൈപ്പിസ്റ്റ്, ഹെഡ് അക്കൗണ്ടന്റ്, സൂപ്രണ്ട്, അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്. |
| ഗ്രൂപ്പ്: 6 | ലൈബ്രേറിയൻ. |

**കുറിപ്പുകൾ**

1. സൂപ്പർ ന്യൂമററി നിലനിൽക്കുന്ന ഗ്രൂപ്പിലെ എല്ലാ സൂപ്പർ ന്യൂമററി തസ്തികകളും ക്രമീകരിച്ചശേഷം മാത്രമേ ടി ഗ്രൂപ്പിലേയ്ക്ക് സ്ഥാനക്കയറ്റം /നിയമനം അനുവദിക്കുകയുള്ളൂ.

2. വ്യവസ്ഥകൾക്കു വിധേയമായി കോഴ്സുകൾ ലഭിച്ചിട്ടുള്ളതും, ഈ കോഴ്സുകളുടെ അടിസ്ഥാനത്തിൽ പുതിയ തസ്തികകൾ/ഗ്രേഡ്, മേൽ പരാമർശിച്ച ഉത്തരവുകൾക്ക് വിധേയമായി നിർണ്ണയിക്കപ്പെടേണ്ട എല്ലാ സ്ഥാപനങ്ങളും, ഇപ്പോൾ 'ഇ' ഗ്രെയ്ഡിൽ ഉൾപ്പെടുന്ന അറബിക് കോളേജുകൾ ഉൾപ്പെടെയുള്ളവയിൽ UGC-യുടെ '2 f & 12 (b)' അംഗീകാരം ലഭിച്ച എല്ലാ സ്ഥാപനങ്ങളും ഈ അദാലത്തിൽ പങ്കെടുത്താൽ മതി. ട്രെയിനിംഗ് കോളേജുകൾ ഈ അദാലത്തിൽ ഉൾപ്പെടുന്നതല്ല.

3. ടി നിർദ്ദേശങ്ങൾ ബാധകമായ എല്ലാ എയ്ഡഡ് കോളേജ് പ്രിൻസിപ്പാൾ / മാനേജർ സ്റ്റാഫ് പാറ്റേൺ, കോഴ്സുകളുടെ രേഖകൾ (മെയിൻ & സബ്സിഡിയറീസ്) സംബന്ധിച്ച വിശദമായ വിവരങ്ങൾ, മറ്റെല്ലാ അനുബന്ധരേഖകളും, അപാകതകൾ പരിഹരിച്ച് പുതുക്കിയ പ്രൊഫോർമ : 1-ൽ ടി നിർദ്ദേശാനുസരണം വിവരങ്ങളും (മൂന്ന് പ്രതികൾ വിതം) ഉടനെ – പരമാവധി 29.01.2014-നകം അതാത് ഡെപ്യൂട്ടി ഡയറക്ടർമാർക്ക് പ്രത്യേക ദൂതൻ മുഖേന ലഭ്യമാക്കണം. 29.01.2014-നകം ലഭ്യമാക്കുന്ന പ്രൊപ്പോസലുകൾ മാത്രമേ ടി ആവശ്യത്തിനായി പരിഗണിക്കുകയുള്ളൂ എന്ന വിവരം ബന്ധപ്പെട്ട എല്ലാവരെയും ഇതിനാൽ അറിയിക്കുന്നു.

4. ഇക്കാര്യം എല്ലാ എയ്ഡഡ് കോളേജ് പ്രിൻസിപ്പൽ / മാനേജർമാരെ അതാത് ഡി.ഡി.മാർ പ്രീ അദാലത്തിന്റെ വിശദവിവരം സഹിതം ഉടനെ അറിയിക്കണം.

5. പ്രൊഫോർമ : 1-ന്റെ (അപാകതകൾ പരിഹരിച്ച് പുതുക്കിയത്) എല്ലാ കോളങ്ങളും കൃത്യമായും വ്യക്തമായും പൂരിപ്പിച്ചിരിക്കണം.

6. പ്രൊഫോർമയ്ക്കൊപ്പം ഉള്ളടക്കം ചെയ്യുന്ന അനുബന്ധ രേഖകൾ എല്ലാം സാക്ഷ്യപ്പെടുത്തിയതായിരിക്കണം.

7. ടി എല്ലാ നിർദ്ദേശങ്ങളും പാലിക്കാത്തതും ഇതേ മാതൃകയിൽ നൽകാത്തതുമായ അപേക്ഷകൾ നിരസിക്കുന്നതാണ്.

8. സ്വാശ്രയ കോഴ്സുകൾ ഒരു കാരണവശാലും ഗ്രേഡിനായി പരിഗണിക്കുവാൻ ഉൾപ്പെടുത്തരുത്.

9. ട്രെയിനിംഗ് കോളേജുകൾ ഒഴികെ, ടി കാര്യം ബാധകമല്ലാത്ത എല്ലാ സ്ഥാപനങ്ങളിൽ നിന്നും 'ടി പ്രൊപ്പോസൽ ഈ സ്ഥാപനത്തിന് ബാധകമല്ല' എന്ന റിപ്പോർട്ട് ഡെപ്യൂട്ടി ഡയറക്ടർമാർ ശേഖരിച്ച് സൂക്ഷിക്കേണ്ടതും, വിവരം പട്ടിക രൂപത്തിൽ ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതുമാണ്.

10. ഇക്കാര്യത്തിലുള്ള അപേക്ഷകളൊന്നും പ്രിൻസിപ്പാൾ / മാനേജർ കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്ക് നേരിട്ട് നൽകേണ്ടതില്ല.

11. പ്രൊഫോർമ 1-ലെ 2 (എ) യിൽ ഉൾപ്പെടുത്തിയ വിവരങ്ങൾ വീണ്ടും 2 (ബി)യിലോ, 3 -ലോ ഉൾപ്പെടുത്താതിരിക്കാൻ ശ്രദ്ധിക്കണം.

*ഉള്ളടക്കം : പുതുക്കിയ പ്രൊഫോർമ.1-ന്റെയും 2-ന്റെയും മാതൃക.*

(ഒപ്പ്/-)
ഡോ. പി. കെ. വേലായുധൻ
കോളേജ് വിദ്യാഭ്യാസ ഡയറക്ടർ

// അംഗീകാരത്തോടെ //

സൂപ്രണ്ട്

എസ്.യു 08.01.2014

## പ്രൊഫോർമ : 1 (പുതുക്കിയത്)

1. കോളേജിന്റെ പേര് :

2. (എ) വ്യവസ്ഥകൾക്ക് വിധേയമായി അനുവദിച്ചതൊഴികെ നിലവിലുള്ള എയ്ഡഡ് കോഴ്സുകളുടെ വിശദവിവരം (സ്റ്റാഫ് പാറ്റേൺ അനുവദിച്ചിട്ടുള്ളവ):

| ഡിഗ്രി കോഴ്സുകൾ | | | | പി.ജി. കോഴ്സുകൾ | | |
|---|---|---|---|---|---|---|
| ക്രമ നം. | വിഷയത്തിന്റെ വിവരം പൂർണ്ണരൂപത്തിൽ | | വിദ്യാർത്ഥികളുടെ അംഗീകൃത എണ്ണം (മാർജിനൽ വർദ്ധന ഒഴികെയുള്ളത്) | ക്രമ നം. | വിഷയത്തിന്റെ വിവരം പൂർണ്ണരൂപത്തിൽ | വിദ്യാർത്ഥികളുടെ അംഗീകൃത എണ്ണം (മാർജിനൽ വർദ്ധന ഒഴികെയുള്ളത്) |
| | മെയിൻ | സബ് | | | | |
| | | | | | | |

(ബി) പുതിയ എയ്ഡഡ് കോഴ്സുകൾ (ക്ലാസ്സുകൾ ആരംഭിച്ചിട്ടുള്ളവ - അനദ്ധ്യാപക തസ്തിക അനുവദിച്ചിട്ടില്ലാത്തവ):

| ഡിഗ്രി കോഴ്സുകൾ | | | | | പി.ജി. കോഴ്സുകൾ | | | |
|---|---|---|---|---|---|---|---|---|
| ക്രമ നം. | വിഷയത്തിന്റെ വിവരം പൂർണ്ണരൂപത്തിൽ | | വിദ്യാർത്ഥി കളുടെ അംഗീകൃത എണ്ണം (മാർജിനൽ വർദ്ധന ഒഴികെയുള ളത്) | കോഴ്സ് അനുവദിച്ച ഉത്തരവ് നമ്പരും, തീയതിയും | ക്രമ നം. | വിഷയത്തിന്റെ വിവരം പൂർണ്ണരൂപത്തിൽ | വിദ്യാർത്ഥി കളുടെ അംഗീകൃത എണ്ണം (മാർജിനൽ വർദ്ധന ഒഴികെയുള ളത്) | കോഴ്സ് അനുവദിച്ച ഉത്തരവ് നമ്പരും, തീയതിയും |
| | മെയിൻ | സബ് | | | | | | |
| | | | | | | | | |

3. വ്യവസ്ഥകൾക്ക് വിധേയമായി 1997-നുശേഷം അനുവദിച്ച കോഴ്സുകളുടെ വിശദ വിവരം (അനദ്ധ്യാപക തസ്തിക അനുവദിച്ചിട്ടില്ലാത്തവ):

| ഡിഗ്രി കോഴ്സുകൾ | | | | | പി.ജി. കോഴ്സുകൾ | | | |
|---|---|---|---|---|---|---|---|---|
| ക്രമ നം. | വിഷയത്തിന്റെ വിവരം പൂർണ്ണരൂപത്തിൽ | | വിദ്യാർത്ഥി കളുടെ അംഗീകൃത എണ്ണം (മാർജിനൽ വർദ്ധന ഒഴികെയുള ളത്) | കോഴ്സ് അനുവദിച്ച ഉത്തരവ് നമ്പരും, തീയതിയും | ക്രമ നം. | വിഷയത്തിന്റെ വിവരം പൂർണ്ണരൂപത്തിൽ | വിദ്യാർത്ഥി കളുടെ അംഗീകൃത എണ്ണം (മാർജിനൽ വർദ്ധന ഒഴികെയുള ളത്) | കോഴ്സ് അനുവദിച്ച ഉത്തരവ് നമ്പരും, തീയതിയും |
| | മെയിൻ | സബ് | | | | | | |
| | | | | | | | | |

4. ആകെ ഡിഗ്രി കോഴ്സുകളുടെ എണ്ണം :
5. ആകെ പി.ജി കോഴ്സുകളുടെ എണ്ണം :
6. ആകെ വിദ്യാർത്ഥികളുടെ എണ്ണം :
7. നിലവിലുള്ള ഗ്രേയ്ഡ് :
8. ഗ്രേഡിൽ മാറ്റമുണ്ടാകുമെങ്കിൽ ആവശ്യപ്പെടുന്ന ഗ്രേയ്ഡ് :
9. യു.ജി.സി.-യുടെ 2 എഫ് & 12 (ബി) അംഗീകാരം ലഭിച്ചിട്ടുണ്ടോ? :
10. ലൈബ്രറിയുടെ വികസനത്തിന് യു.ജി.സിയുടെ ധനസഹായം ലഭിക്കുന്നുണ്ടോ?:
11. ലൈബ്രറിയിലെ പുസ്തകങ്ങളുടെ എണ്ണം :
12. നിലവിൽ കോളേജിൽ ഹെർബേറിയം പരിപാലിക്കുന്നുണ്ടോ? :
13. ഇലക്ട്രോണിക്സ് / കമ്പ്യൂട്ടർ സയൻസ് വിഷയം ഐച്ഛികമോ സബ്സിഡിയറി ആയോ കോളേജിൽ പഠിപ്പിക്കുന്നുണ്ടോ ? ഉണ്ടെങ്കിൽ :

| ക്രമ നമ്പർ | വിഷയം | മെയിൻ / സബ് |
|---|---|---|
| | | |

14. നിലവിൽ ലബോറട്ടറി ഉപയോഗിക്കുന്ന വിഷയങ്ങളുടെ വിവരങ്ങൾ

| ഡിഗ്രി കോഴ്സുകളുടെ വിഷയങ്ങൾ | | | | പി.ജി. കോഴ്സുകൾ | |
|---|---|---|---|---|---|
| ക്രമ നം. | മെയിൻ | ക്രമ നം. | സബ് | ക്രമ നം. | വിഷയങ്ങൾ |
| | | | | | |

15. തസ്തികകളുടെ വിശദ വിവരങ്ങൾ :

| | ഗ്രൂപ്പ് | 5 | | | | | | | 6 | | | | | 4 | 3 | 2 | 1 | | | | | | | | | – | – |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | | ലൈബ്രേറിയൻ | | | | | | | | | | | | | | | | | | |
| ക്രമ നം. | തസ്തിക | എ.ഒ | സീ. സൂപ്രണ്ട് | ജൂ. സൂപ്രണ്ട് | എച്ച്. എ | ക്ലർക്ക് | സ്റ്റോർ കീപ്പർ | ടൈപ്പിസ്റ്റ് | യു.ജി.സി | ഗ്രേഡ് I | ഗ്രേഡ് II | ഗ്രേഡ് III | ഗ്രേഡ് IV | ടെക്നി. അസിസ്റ്റന്റ് | മെക്കാനിക്ക് | ഹെർബേറിയം കീപ്പർ | ലാബ് അസിസ്റ്റന്റ് | ലൈബ്രറി അസിസ്റ്റന്റ് | ഓഫീസ് അറ്റൻഡന്റ് | ഗാർഡ്നർ | സ്പെസിമെൻ കളക്ടർ | ഗ്യാസ്മാൻ | സ്വീപ്പർ | വാച്ചർ | സ്കാവഞ്ചർ | മാർക്കർ | ആകെ |
| 1 | നിലവിലുള്ള സ്റ്റാഫ് പാറ്റേൺ പ്രകാരം അനുവദിച്ചിട്ടുള്ളവ (അർഹമായ) | | | | | | | | | | | | | | | | | | | | | | | | | | |
| 2 | സൂപ്പർ ന്യൂമററി തസ്തികകളിൽ 01.01.2014-നുശേഷം ജോലി ചെയ്യുന്നവർ | | | | | | | | | | | | | | | | | | | | | | | | | | |
| 3 | പുതുതായി അനുവദിക്കേണ്ടത് | | | | | | | | | X | X | X | X | | | | | | | | X | X | X | X | X | X | |
| 4 | പുതിയ തസ്തികകളിൽ ക്രമീകരിക്കപ്പെടേണ്ട സൂപ്പർ ന്യൂമററി ജീവനക്കാർ | | | | | | | | | | | | | | | | | | | | | | | | | | |
| 5 | സൂപ്പർ ന്യൂമററി തസ്തികകളിൽ ശേഷിക്കുന്നവർ | | | | | | | | | | | | | | | | | | | | | | | | | | |
| 6 | സൂപ്പർ ന്യൂമററി ക്രമീകരിച്ച ശേഷമുള്ള പുതിയ തസ്തികകൾ മൂലം ഒരു സാമ്പത്തിക വർഷം ഉണ്ടാകുന്ന ബാദ്ധ്യത | | | | | | | | | X | X | X | X | | | | | | | | X | X | X | X | X | X | |

16. ഗ്രേയ്ഡ് മാറുമ്പോൾ / പുതിയ തസ്തികകൾ അനുവദിക്കുമ്പോൾ ഇല്ലാതാകുന്ന തസ്തികകളും, എണ്ണവും: സാമ്പത്തിക നേട്ടവും

| തസ്തിക | | | | | | ആകെ |
|---|---|---|---|---|---|---|
| എണ്ണം | | | | | | |
| തസ്തിക ഇല്ലാതാകുന്നതു മൂലം സർക്കാരിന് ഒരു വർഷം ഉണ്ടാകുന്ന സാമ്പത്തിക നേട്ടം: | | | | | | |

17. ഇനം 15 (6) -ലെ ആകെ തുക - ഇനം 16 -ലെ ആകെ തുക = ..........................................

കുറിപ്പ് :- സാമ്പത്തിക ബാദ്ധ്യത കണക്കാക്കുമ്പോൾ അനുബന്ധ സ്കെയിലിന്റെ ശരാശരി എടുത്ത് അതിന് തത്തുല്ല്യമായ ക്ഷാമ ബത്തയും ചേർത്ത് വേണം നൽകേണ്ടത്

....................................(കോളേജിന്റെ പേര്) കോളേജുമായി ബന്ധപ്പെട്ട, മേൽ പ്രസ്താവിച്ച എല്ലാ വിവരങ്ങളും 17.09.2004-ലെ ജി.ഒ (എംഎസ്) നം.119/04/ഉ.വി.വ, 09.05.2008-ലെ ജി.ഒ (എംഎസ്) നം.50/08/ഉ.വി.വ എന്നിവയുടെയും ബന്ധപ്പെട്ട മറ്റെല്ലാ രേഖകളുടെയും അടിസ്ഥാനത്തിൽ പൂർണ്ണമായും ശരിയാണെന്നും, അവ കൃത്യമായും വ്യക്തമായും രേഖപ്പെടുത്തിയിട്ടുണ്ടെന്നും, സ്വാശ്രയ കോഴ്സുകളുടെ വിവരം ഈ പ്രൊഫോർമയിൽ ഉൾപ്പെടുത്തിയിട്ടില്ലെന്നും ഞാൻ ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

തീയതി: ഓഫീസ് സീൽ പ്രിൻസിപ്പാൾ

ടി വിവരങ്ങൾ 17.09.2004-ലെ ജി.ഒ (എംഎസ്)നം.119/04/ഉ.വി.വ, 09.05.2008-ലെ ജി.ഒ (എംഎസ്) നം.50/08/ഉ.വി.വ എന്നിവയുടെയും ബന്ധപ്പെട്ട മറ്റെല്ലാ രേഖകളുടെയും അടിസ്ഥാനത്തിൽ പരിശോധിച്ച്, ശരിയാണെന്ന് കണ്ടു. ടി പ്രിൻസിപ്പാളിന്റെ പ്രൊപ്പോസൽ അംഗീകരിക്കാവുന്നതാണ്/അംഗീകരിക്കാവുന്നതല്ല.

ടി കോളേജിന് ...............ഗ്രേയ്ഡ് അനുവദിക്കുവാൻ ശുപാർശ ചെയ്യുന്നു./ ടി കോളേജിന്റെ ഗ്രേഡിൽ മാറ്റമില്ല.

തീയതി: ഓഫീസ് സീൽ ഡെപ്യൂട്ടി ഡയറക്ടർ

എസ്.യു. 08.01.2014

# കോളേജ് തിരിച്ചുള്ള സംയോജിത പട്ടിക

## പ്രൊഫോർമ: 2

**മേഖലാ ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസ് : ..........................................................................................................**

| ക്രമ നം. | കോളേജിന്റെ പേര് | നിലവിലുള്ളകോഴ്സുകളുടെ എണ്ണം (വ്യവസ്ഥകൾക്കു വിധേയമായി അനുവദിച്ചതൊഴികെ) | | വ്യവസ്ഥകൾക്ക് വിധേയമായി പുതിയതായി അനുവദിച്ച കോഴ്സുകളുടെ എണ്ണം | | ആകെ വിദ്യാർത്ഥികളുടെ എണ്ണം (അംഗീകൃതം) | നിലവിലുള്ള ഗ്രേഡ് | ആവശ്യപ്പെടുന്ന ഗ്രേഡ് | അനുവദനീയമായ ഗ്രേഡ് | പുതിയ കോഴ്സുകൾ ആരംഭിച്ചതിനാലും ഗ്രേയ്ഡ് മാറുന്നതിനാലും അധികമായി ഉണ്ടാകുന്ന തസ്തിക | | | | | | | | | | | | | | | അധിക സാമ്പത്തിക ബാധ്യത | വ്യക്തമായ ശുപാർശ |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | ഡിഗ്രി | പി.ജി | ഡിഗ്രി | പി.ജി | | | | | എ.ഒ | സീനി: സൂപ്രണ്ട് | ജൂനി: സൂപ്രണ്ട് | എച്ച്. സി | ക്ലർക്ക് | സ്റ്റോർ കീപ്പർ | ടൈപ്പിസ്റ്റ് | യു.ജി.സി ലൈബ്രേറിയൻ | ടെക്നി: അസിസ്റ്റന്റ് | മെക്കാനിക്ക് | ഹെർബേറിയം കീപ്പർ | ലാബ് അസിസ്റ്റന്റ് | ലൈബ്രറി അസിസ്റ്റന്റ് | ഓഫീസ് അറ്റൻഡന്റ് | ഗാർഡ്നർ | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 | 18 | 19 | 20 | 21 | 22 | 23 | 24 | 25 | 26 | 27 |
| | | | | | | | | | | | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | | | | | | | | | | | |
| | **ആകെ** | — | — | — | — | — | — | — | — | | | | | | | | | | | | | | | | | |

തീയതി: ഓഫീസ് സീൽ ഡെപ്യൂട്ടി ഡയറക്ടർ

എസ്.യു.08.01.2014

# 'ഡി' ഗ്രേഡ് കോളേജിലെ പൊതുവായ സ്റ്റാഫ് പാറ്റേൺ

| ക്രമ നമ്പർ | തസ്തിക | തസ്തികകളുടെ എണ്ണം | കുറിപ്പുകൾ |
|---|---|---|---|
| 1 | ജൂനിയർ സൂപ്രണ്ട് | 1 | |
| 2 | ഹെഡ് അക്കൗണ്ടന്റ് | 1 | |
| 3 | ക്ലാർക്ക് | 3 | നിലവിലുള്ള ഓരോ അഞ്ച് കോഴ്സുകളും കഴിഞ്ഞുള്ള ഓരോ അഞ്ച് അധിക കോഴ്സുകൾക്കും രണ്ട് അധിക ക്ലറിക്കൽ തസ്തികകൾ |
| 4 | സ്റ്റോർ കീപ്പർ | 1 | എം.എസ്.സി. ഫിസിക്സും, കെമിസ്ട്രിയും ഉണ്ടെങ്കിൽ ഒരു അധിക തസ്തിക |
| 5 | ടൈപ്പിസ്റ്റ് | 1 | |
| 6 | പ്യൂൺ | 4 | നിലവിലുള്ള ഓരോ അഞ്ച് കോഴ്സുകളും കഴിഞ്ഞുള്ള ഓരോ അഞ്ച് അധിക കോഴ്സുകൾക്കും ഒരു അധിക തസ്തിക |
| 7 | ലൈബ്രേറിയൻ (യു.ജി.സി) | 1 | |
| 8 | ലൈബ്രറി അസിസ്റ്റന്റ് | 2 | നിലവിലുള്ള ഓരോ അഞ്ച് കോഴ്സുകളും കഴിഞ്ഞുള്ള ഓരോ അഞ്ച് അധിക കോഴ്സുകൾക്കും ഒരു അധിക തസ്തിക |
| 9 | ലബോറട്ടറി അറ്റൻഡർ | എം. എസ്. സി. | ഫിസിക്സ്, കെമിസ്ട്രി ലാബുകളിൽ രണ്ട് വീതവും, മറ്റ് ലാബുകളിൽ ഓരോന്നും |
| | | ബി. എസ്. സി. | ഫിസിക്സ്, കെമിസ്ട്രി ലാബുകളിൽ മൂന്ന് വീതവും; ബോട്ടണി, സുവോളജി ലാബുകളിൽ രണ്ട് വീതവും, ഹോം സയൻസ്, സബ് (ഇതേ വിഷയത്തിൽ മെയിൻ ലാബ് ഇല്ലെങ്കിൽ) ലാബുകളിൽ ഓരോന്നും |
| 10 | മെക്കാനിക്ക് | 1 | ഫിസിക്സും, കെമിസ്ട്രിയും ലാബുകൾ ഉണ്ടെങ്കിൽ മാത്രം |
| 11 | ഗാർഡനർ | 1 | എം.എസ്. സി. ബോട്ടണി ഉണ്ടെങ്കിൽ മാത്രം |
| 12 | ഹെർബേറിയം കീപ്പർ | 1 | ബി.എസ്.സി / എം.എസ്.സി. ബോട്ടണി കോഴ്സുണ്ടാകുകയും ഹെർബേറിയം പരിപാലിക്കുകയും ചെയ്യുന്നുണ്ടെങ്കിൽ മാത്രം |
| 13 | ടെക്നിക്കൽ അസിസ്റ്റന്റ് | 1 | ഇലക്ട്രോണിക്സ്`/ കമ്പ്യൂട്ടർ സയൻസ് ലബോറട്ടറി ഉള്ളതും, ടി വിഷയം പഠിപ്പിക്കുകയും ചെയ്യുന്ന കോളേജുകളിൽ മാത്രം. |

# 'ഡി' ഗ്രേഡിന് മുകളിലുള്ള കോളേജുകളിലെ അധിക തസ്തിക

| ക്രമ നം | ഗ്രേഡ് | തസ്തികയും എണ്ണവും |
|---|---|---|
| 1 | സി | ജൂനിയർ സൂപ്രണ്ടിനു പകരം സീനിയർ സൂപ്രണ്ട്. |
| 2 | ബി | ഒരു സീനിയർ സൂപ്രണ്ട് |
| 3 | എ | ഒരു അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്, ഒരു ജൂനിയർ സൂപ്രണ്ട്, ഒരു ടൈപ്പിസ്റ്റ്. |